Break the chain

# കേരളസർവകലാശാല

നം.പി.ആർ.175/2021

## പത്രക്കുറിപ്പ്

### ഒന്നാം വർഷ ബിരുദ പ്രവേശനത്തിനുള്ള രണ്ടാം ഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. 07.09.2021 മുതൽ 13.09.2021 വരെ കോളേജുകളിൽ പ്രവേശനം നേടാം

കേരളസർവകലാശാലയുടെ 2021-22 അദ്ധ്യയന വർഷത്തെ ബിരുദ പ്രവേശനത്തിനുള്ള രണ്ടാം ഘട്ട അലോട്ട്മെന്റ് (http://admissions.keralauniversity.ac.in) പ്രസിദ്ധപ്പെടുത്തി. അപേക്ഷകർക്ക് ആപ്ലിക്കേഷൻ നമ്പറും പാസ്‌വേർഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് തങ്ങളുടെ അലോട്ട്മെന്റ് പരിശോധിക്കാം. ഒന്നാം ഘട്ട അലോട്ട്മെന്റ് ലഭിക്കാത്തവരും എന്നാൽ രണ്ടാം ഘട്ടത്തിൽ പുതുതായി അലോട്ട്മെന്റ് ലഭിക്കുകയും ചെയ്ത അപേക്ഷകർ ഓൺലൈനായി അഡ്മിഷൻ ഫീസ് അടച്ച് തങ്ങളുടെ അലോട്ട്മെന്റ് ഉറപ്പാക്കേണ്ടതാണ്. ഒന്നാം ഘട്ട അലോട്ട്മെന്റ് ലഭിച്ച് അഡ്മിഷൻ ഫീസ് അടച്ചവർ രണ്ടാം ഘട്ട അലോട്ട്മെന്റിൽ ഹയർ ഓപ്ഷനുകളിൽ ഏതെങ്കിലും ലഭിച്ചാൽ അഡ്മിഷൻ ഫീസ് വീണ്ടും അടയ്ക്കേണ്ടതില്ല.

അലോട്ട്മെന്റ് ലഭിച്ച് ഓൺലൈനായി ഫീസ് അടച്ച അപേക്ഷകർക്ക് ആപ്ലിക്കേഷൻ നമ്പറും പാസ്‌വേർഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത ശേഷം അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റ് എടുക്കാം. അലോട്ട്മെന്റ് ലഭിച്ച കോളേജ്, കോഴ്സ്, കാറ്റഗറി, അഡ്മിഷൻ തീയതി എന്നിവ അലോട്ട്മെന്റ് മെമ്മോയിൽ നിന്ന് ലഭിക്കും. മെമ്മോയിൽ പറഞ്ഞിരിക്കുന്ന തീയതികളിൽ യോഗ്യത തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകൾ സഹിതം (കൂടുതൽ വിവരങ്ങൾക്ക് അലോട്ട്മെന്റ് മെമ്മോ കാണുക) കോളേജിൽ ഹാജരായി അഡ്മിഷൻ എടുക്കണം.

കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട പ്രോട്ടോകോൾ നിർബന്ധമായും പാലിക്കേണ്ടതാണ്. വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ.

### ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനം 2021 ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു.

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള സർക്കാർ, എയ്ഡഡ്, സ്വാശ്രയ കോളേജുകൾ/സെന്ററുകൾ എന്നിവിടങ്ങളിലെ 2021-22 അദ്ധ്യയന വർഷത്തെ ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനത്തിനുള്ള ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു (http://admissions.keralauniversity.ac.in).

എല്ലാ കോളേജുകളിലേയും മെറിറ്റ് സീറ്റുകളിലേക്കും എസ്.സി/എസ്.ടി/എസ്.ഇ.ബി.സി. സംവരണ സീറ്റുകളിലേക്കും ഏകജാലക സംവിധാനം വഴിയായിരിക്കും അലോട്ട്മെന്റ്. കേരള സർവ്വകലാശാലയുടെ കീഴിൽ ബിരുദാനന്തര ബിരുദ പ്രവേശനം ആഗ്രഹിക്കുന്ന എല്ലാ വിദ്യാർത്ഥികളും ഏകജാലക സംവിധാനം വഴി അപേക്ഷ സമർപ്പിച്ചിരിക്കണം.

കമ്മ്യൂണിറ്റി ക്വാട്ട, സ്പോർട്ട്സ് ക്വാട്ട പ്രവേശനത്തിനായുള്ള രജിസ്ട്രേഷൻ ഓൺലൈനായി നടത്തുന്നതാണ്. കോളേജുകളിൽ അപേക്ഷ സമർപ്പിക്കേണ്ടതില്ല.

## സ്പോർട്സ് ക്വാട്ട

സ്പോർട്സ് ക്വാട്ടയിൽ പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ഓൺലൈൻ അപേക്ഷയിലെ സ്പോർട്ട്സ് കോളത്തിന് നേരെ 'യെസ്' എന്ന് രേഖപ്പെടുത്തണം. സ്പോർട്ട്സ് ഇനം, ഏതു തലത്തിലെ നേട്ടമാണ് എന്നിവ സെലക്ട് ചെയ്തിരിക്കണം. സ്പോർട്ട്സ് നേട്ടങ്ങളുടെ സർട്ടിഫിക്കറ്റുകൾ സ്കാൻ ചെയ്ത് അപ്‌ലോഡ് ചെയ്യേതാണ്. ഓൺലൈൻ രജിസ്ട്രേഷനിൽ നൽകിയിട്ടുള്ള കോളേജുകളും ഓപ്ഷനുകളും മാത്രമേ പരിഗണിക്കുകയുള്ളൂ. സ്പോർട്സ് ക്വാട്ട പ്രവേശനം ആഗ്രഹിക്കുന്ന, സ്പോർട്സ് സർട്ടിഫിക്കറ്റുകൾ സ്കാൻ ചെയ്ത് അപ്‌ലോഡ് ചെയ്ത എല്ലാ വിദ്യാർത്ഥികളും വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത പ്രൊഫോർമയുടെ പകർപ്പ് അപേക്ഷയിൽ ഓപ്ഷൻ നൽകിയിട്ടുള്ള കോളേജുകളിൽ (പ്രവേശനത്തിന് താൽപര്യമുള്ള കോളേജുകളിൽ മാത്രം) രജിസ്ട്രേഷൻ അവസാനിക്കുന്ന തീയതിക്കുള്ളിൽ നേരിട്ടോ ഇമെയിൽ ആയോ സമർപ്പിക്കേതാണ്. രജിസ്ട്രേഷൻ അവസാനിക്കുന്ന തീയതി പിന്നീട് അറിയിക്കുന്നതാണ്. ഒരു കോളേജിലെ ഒന്നിലധികം കോഴ്സുകളിലേയ്ക്കുള്ള സ്പോർട്സ് ക്വാട്ട സീറ്റിലേയ്ക്ക് അപേക്ഷിച്ചിട്ടുണ്ടെങ്കിലും അവയിലേയ്ക്കെല്ലാം പരിഗണിക്കുന്നതിനായി ഒരു പ്രൊഫോർമ സമർപ്പിച്ചാൽ മതിയാകും. ഏകജാലക സംവിധാനത്തിലുള്ള എല്ലാ ഫീസുകളും ഓൺലൈൻ വഴി മാത്രം അടയ്ക്കേതാണ്. ഡിമാന്റ് ഡ്രാഫ്റ്റ്, ചെക്ക് എന്നിവ സ്വീകരിക്കുന്നതല്ല.

സംശയനിവാരണത്തിന് എല്ലാ പ്രവർത്തി ദിവസങ്ങളിലും 8281883052, 8281883053, 9188524610 (വാട്സ്ആപ്പ് മാത്രം) എന്നീ ഹെൽപ്പ്ലൈൻ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്. ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട് സർവകലാശാല ആസ്ഥാനത്തേയ്ക്ക് അയയ്ക്കേതില്ല. ആയത് പ്രവേശന സമയത്ത് അതത് കോളേജുകളിൽ ഹാജരാക്കിയാൽ മതിയാകും.

പ്രോസ്പെക്ടസ് വായിച്ചതിന് ശേഷം മാത്രം ഓൺലൈൻ രജിസ്ട്രേഷൻ നടത്തുക. കൂടുതൽ വിവരങ്ങൾക്ക് https://admissions.keralauniversity.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

പ്രത്യേക കുറിപ്പ്: (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

## പരീക്ഷാഫലം

കേരളസർവകലാശാലയുടെ ആറാം സെമസ്റ്റർ ബി.ടെക്. ഡിഗ്രി (2008 സ്കീം – സപ്ലിമെന്ററി, ഫൈനൽ മേഴ്സിചാൻസ് – 2007 അഡ്മിഷൻ വരെ) സെപ്റ്റംബർ 2020 പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈനായി സെപ്റ്റംബർ 17 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പുതുക്കിയ പരീക്ഷാത്തീയതി

കേരളസർവകലാശാലയുടെ 2021 സെപ്റ്റംബറിൽ നടക്കുന്ന ബി.എ.ആന്വൽ മെയിൻ/സബ്സിഡിയറി പരീക്ഷയിൽ സെപ്റ്റംബർ 30 ന് നടത്താനിരുന്ന "ജനറൽ സൈക്കോളജി" സബ്സിഡിയറി പരീക്ഷ ഒക്ടോബർ 1 ലേക്ക് മാറ്റിയിരിക്കുന്നു. പരീക്ഷാസമയത്തിന് മാറ്റമില്ല.

## പ്രാക്ടിക്കൽ

കേരളസർവകലാശാലയുടെ 2021 ജൂലൈയിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.എസ്സി. കമ്പ്യൂട്ടർസയൻസ് ഡിഗ്രി കോഴ്സിന്റെ (ജനുവരി 2021) പ്രാക്ടിക്കൽ പരീക്ഷ സെപ്റ്റംബർ 14 മുതൽ 17 വരെ അതാത് പരീക്ഷാകേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

തിരുവനന്തപുരം,
06.09.2021.

പബ്ലിക് റിലേഷൻസ് ഓഫീസർ

**E-mail:** For exam related queries **examhelpdesk1@keralauniversity,examhelpdesk2@keralauniversity**

**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**